# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ (i/c) നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

**(ഹാജർ : ഡോ. എ. കൗശിഗൻ ഐ.എ.എസ്)**

**തീയതി 06-01-2021**

**എൽ.ആർ.എൻ.1-01/2020**

വിഷയം: റവന്യൂവകുപ്പ് - സർവ്വെ പരിശീലനം- 2021 ജനുവരി ബാച്ച്-കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തിരുവനന്തപുരം ഐ.എൽ.ഡി.എം, പരിശീലന കേന്ദ്രത്തിൽ ചെയിൻ സർവ്വെ പരിശീലനം പുനഃരാരംഭിച്ചത്-ഒഴിവു നികത്തി ഉത്തരവാകുന്നു.

സൂചന :
1. ഈ കാര്യാലയത്തിലെ 24-12-2020 ലെ എൽ.ആർ എൻ1-01/2020 നമ്പർ നടപടിക്രമം
2. കൊല്ലം ജില്ലാ കളക്ടറുടെ 05-01-2021 ലെ DCKLM/1752018E നമ്പർ കത്ത്
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06-01-2021 ലെ എസ്.7-248582/2020 നമ്പർ കത്ത്.

സൂചന (1) പ്രകാരം 2021 ജനുവരി ബാച്ചിലേക്ക് ചെയിൻ സർവ്വെ പരിശീലനത്തിന് പരിശീലനാർത്ഥികളെ നിയോഗിച്ചുത്തരവായിരുന്നു. പ്രസ്തുത നടപടിക്രമത്തിൽ ക്രമ നമ്പർ 3 ആയി പരിശീലനത്തിനു കൊല്ലം ജില്ലയിൽ നിന്നും നിയോഗിച്ച ശ്രീമതി ആർ.ഗീതാകുമാരിക്ക് കോവിഡ്- 19 രോഗം സ്ഥിതീകരിച്ച വിവരം സൂചന (2) പ്രകാരം കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സൂചന(3) പ്രകാരം തിരുവനന്തപുരം ജില്ലയിൽ ക്ലാർക്കായി ജോലിനോക്കുന്ന ശ്രീ.ബിജു സി എന്നവരെ 2020 മാർച്ച് മാസത്തിലെ ചെയിൻ സർവ്വെ പരിശീലനത്തിന് നിയോഗിച്ചിരുന്നുവെങ്കിലും സർക്കാർ ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പരിശീലനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

ശ്രീ.ബിജു സി. എന്നവർ 19-12-2018-ൽ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ടിയാന്റെ നിരീക്ഷണ കാലം പൂർത്തീകരിക്കേണ്ട സമയപരിധി കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ നിലവിൽ വന്ന ഒഴിവിലേക്ക് തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റ് ശ്രീ.ബിജു സി , എന്നവരെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർമാനേജ്മെന്റ് (ഐ.എൽ.ഡിഎം) പരിശീലനകേന്ദ്രത്തിൽ ചെയിൻ സർവ്വെ പരിശീലനത്തിനായി ഇതിനാൽ നിയോഗിച്ചുത്തരവാകുന്നു.

| ക്രമ നമ്പർ | ഇലിങ്കിഷ് ചെയ്ത/ഒഴിവാക്കപ്പെട്ട പരിശീലനാർത്ഥി | 24-12-2020 ലെ എൽ.ആർ എൻ1-01/2020 നടപടിക്രമത്തിലെ ക്രമ നമ്പർ | പകരം നിയോഗിക്കപ്പെട്ട പരിശീലനാർത്ഥിയുടെ പേര് | ജില്ല |
|---|---|---|---|---|
| 1 | ആർ.ഗീതാകുമാരി | 3 | ബിജു സി | തിരുവനന്തപുരം |

മേൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥനെ **07-01-2021-ന് രാവിലെ 10-മണിയ്ക്ക്** സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ , സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം മുമ്പാകെ ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേലധികാരി വിടുതൽ ചെയ്യേണ്ടതാണ്.

ചെയിൻ സർവ്വെ പരിശീലനത്തിന് നിയോഗിക്കപ്പെടുന്ന ജീവനക്കാർ അനുബന്ധമായി ചേർത്തിരിക്കുന്ന സമ്മതപത്രം നൽകേണ്ടതും ചെയിൻ സർവ്വെ പരിശീലനത്തിനായി പുറപ്പെടുവിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജിയർ അനുസരിച്ച് പരിശീലനം നേടേണ്ടതുമാണ്. കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് (ഈ ഉത്തരവ് തീയതിക്കുശേഷം നടത്തിയ കോവിഡ്-19 ആർ.റ്റി.പി.സി.ആർ പരിശോധനാഫലം നെഗറ്റീവ് ആയ സാക്ഷ്യ പത്രം) ഹാജരാക്കാത്ത പരിശീലനാർത്ഥികളെ പരിശീലനകേന്ദ്രത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ക്വാറന്റീനിൽ കഴിയുന്ന ജീവനക്കാർ ചെയിൻ സർവ്വെ പരിശീലനത്തിൽ പങ്കെടുക്കാൻ പാടില്ല.

പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരനെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ(i/c)

പരിശീലനാർത്ഥിക്ക്
(ഓഫീസ് മേധാവി മുഖാന്തിരം)

പകർപ്പ്
1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, ഐ.എൽ.ഡി.എം., പി.റ്റി.പി. നഗർ, തിരുവനന്തപുരം.
3. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
4. ജില്ലാകളക്ടർ, തിരുവനന്തപുരം/കൊല്ലം
5. നോഡൽ ഓഫീസർ ,സ്റ്റേറ്റ് ഐ.ടി. സെൽ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്